# പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1239 11.02.2016 ൽ മറുപടിയ്ക്ക്

## ഭൂരഹിതരില്ലാത്ത കേരളം പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.ശിവദാസൻ നായർ<br>,, വി.റ്റി.ബൽറാം<br>,, എം.പി.വിൻസെൻറ്<br>,, എ.പി.അബ്ദുള്ളക്കുട്ടി | ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |

| | | |
|---|---|---|
| (എ) | സംസ്ഥാനത്ത് ഭൂരഹിതരില്ലാത്ത കേരളം പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; | സംസ്ഥാനത്തെ ഭൂരഹിതരായ കുടുംബങ്ങൾക്ക് 3 സെന്റ് ഭൂമി വീതം നൽകി കേരളത്തെ ഭൂരഹിതരായ കുടംബങ്ങളില്ലാത്ത സംസ്ഥാനമാക്കി വികസിപ്പിക്കുക എന്ന ഉദ്ദേശത്തോട് കൂടി സർക്കാർ നടപ്പിലാക്കി വരുന്ന പദ്ധതിയാണ് ഭൂരഹിതരില്ലാത്ത കേരളം പദ്ധതി. വിവിധ ഘട്ടങ്ങളായിട്ടാണ് പദ്ധതി നടപ്പിലാക്കി വരുന്നത്. ഒന്നാം ഘട്ടമായി 36,491 ഗുണഭോക്താക്കൾക്ക് പട്ടയം നൽകാൻ കഴിഞ്ഞിട്ടുണ്ട്. ഇടുക്കി, പത്തനംതിട്ട ജില്ലകളിൽ രണ്ടാംഘട്ട പട്ടയ വിതരണം കൂടി നടത്തി കഴിഞ്ഞപ്പോൾ ആകെ 43,437 പേർക്ക് ഈ പദ്ധതി പ്രകാരം പട്ടയം അനുവദിയ്ക്കാൻ സാധിച്ചിട്ടുണ്ട്. ഒന്നാം ഘട്ടത്തിൽ കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ മുഴുവൻ ഗുണഭോക്താക്കൾക്കും രണ്ടാംഘട്ടത്തിൽ ഇടുക്കി ജില്ലയിലെ മുഴുവൻ ഗുണഭോക്താക്കൾക്കും പട്ടയം നൽകിക്കഴിഞ്ഞു. മറ്റ് ജില്ലകളിൽ ഫെബ്രുവരി, മാർച്ച് മാസങ്ങളിലായി പട്ടയ വിതരണം നടത്താനാണ് തീരുമാനിച്ചിട്ടുള്ളത്. |

| | | |
|---|---|---|
| (ബി) | എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കാമോ ; | സ്വന്തമായി ഭൂമി ഇല്ലാത്തതും വാർഷിക വരുമാനം 75,000/- രൂപയിൽ താഴെയായിട്ടുള്ളതുമായ ഭൂരഹിത കുടുംബങ്ങൾക്ക് വീട് വയ്ക്കുന്ന ആവശ്യത്തിലേക്കായി 3 സെന്റ് ഭൂമി വീതം പതിച്ചുകൊടുത്ത് കൊണ്ട് ഭൂരഹിതരായ കുടുംബങ്ങളില്ലാത്ത സംസ്ഥാനമാക്കി കേരളത്തെ വികസിപ്പിക്കുക എന്നതാണ് പദ്ധതിയുടെ ഉദ്ദേശലക്ഷ്യം. |
| (സി) | ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്? | പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് വേണ്ടി ലാൻഡ് റവന്യൂ ജോയിന്റ് കമ്മീഷണറെ സ്പെഷ്യൽ ഓഫീസറായി നിയമിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാന/ജില്ല/താലൂക്ക് തലങ്ങളിൽ രൂപീകരിച്ചിട്ടുള്ള സ്പെഷ്യൽ സെല്ലുകൾ മുഖേന പദ്ധതി പ്രവർത്തനം ഏകോപിപ്പിക്കുന്നതിനുള്ള നടപടികളാണ് ഭരണതലത്തിൽ സ്വീകരിച്ചിട്ടുള്ളത്. |

C.K.V.[signature]

സെക്ഷൻ ഓഫീസർ